B, - 2977/18

7/5/4/18

02977

# വകുപ്പുതല കണക്കുപരിശോധനാറിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ് ചിറ്റുമല.

| | |
|---|---|
| പരിശോധനാതീയതി | : 09.01.2018 മുതൽ11.01.2018 വരെ |
| പരിശോധനാകാലയളവ് | :01.04,2015 മുതൽ 31.03.2017 വരെ |
| പരിശോധനാവിഭാഗം | :ഫിനാൻസ്.ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീമിൽ പങ്കെടുത്തവർ | :1.കെ.കെ,പ്രസാദ്(സീനിയർ സൂപ്രണ്ട്) |
| | 3.ബി.കെ.ഗോപകുമാർ(സീനിയർ ക്ളാർക്ക്) |

## പരിശോധനാകാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ

ബ്ലോക്ക് പട്ടികജാതിവികസന ഓഫീസർമാർ

| | |
|---|---|
| 1.ശ്രീ.പ്രിസിമോൻ | : 16.1.2014 മുതൽ 19.02.2016 (മരണംവരെ) |
| ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ (ic) | : 01-03-2016 മുതൽ25-05-2016 വരെ |
| 2.ശ്രീ.ശൈലേഷ് | : 26.05.2016 മുതൽ തുരുന്നു |

ആമുഖം

(എ)-വകുപ്പിതല പരിശോധന.

01-04-2012 മുതൽ 31-03-2015 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല പരിശോധനാവിഭാഗം നടത്തിയിട്ടുണ്ട്.ഇതിൻമേലുള്ള പരിശോധനാറിപ്പോർട്ട് 22-09-2015 ലെ ഫിൻ ബി.1.23124/15 പ്രകാരം നല്കുകയും 11-11-2015 ലെ സി.235/15 കത്ത്പ്രകാരംപ്രാഥമിക മറുപടി നല്കിയതായി കാണുന്നു.ശേഷിക്കുന്ന ഖണ്ഡികകൾ.

1.ഭാഗം1-ഖണ്ഡിക.(ഇ)ചെല്ലാനുകൾ-ഭവന നിർമ്മാണ ധനസഹായം-തുക തിരിച്ചടച്ച വിഷയം-ബന്ധപ്പെട്ട പട്ടികജാതിവികസന ഓഫീസറിൽനിന്നും പലിശ ഈടാക്കാനുള്ള നിർദ്ദേശം.

ഈ വിഷയത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതാണ്

2.ഭാഗം2-വിവിധ പദ്ധതികൾ.

ഖണ്ഡിക (3) ഭൂരഹിത പുനരധിവാസ പദ്ധതി-ധനസഹായം അനുവദിച്ച 70 ഗുണഭോക്താക്കളുമായി ക്രമപ്രകാരമുള്ള എഗ്രിമെന്റിൽ ഏർപ്പെടാതിരുന്നതിനാൽ സർക്കാരിന് നഷ്ടമുണ്ടായി.(70 ഗുണഭോക്താക്കൾ 100/-രൂപയുടെ വീതം മുദ്രപ്പത്രം വാങ്ങാതിരുന്നതിനാൽ 7000/- രൂപ സർക്കാറിന് നഷ്ടമുണ്ടായി)ഇതിൻമേൽ നിർദ്ദേശിക്കപ്പെട്ട നടപടി സ്വീകരിച്ചതായി കാണുന്നില്ല.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.

1. 1-11-2013മുതൽ 30-9-2014 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ ശേഷിക്കുന്ന ഖണ്ഡികകൾ

OA(HQ)IV/II/12-160/14-15 റിപ്പോർട്ടിലെ ഖണ്ഡിക I,II ഒഴികെയുള്ളത് 28-07-2016 ലെ AMC മീറ്റിംഗിൽ തീർപ്പാക്കിയതായികാണുന്നു. ഈ റിപ്പോർട്ടിലെ ഖണ്ഡിക I,II തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. 1-11-2015മുതൽ 30-11-2016 വരെയുള്ള കാലയളവിലെ പരിശോധന എ.ജി നടത്തി റിപ്പോർട്ട്നല്കിയിട്ടുണ്ട്.ഈ പരിശോധനാകുറിപ്പിൻമേലുള്ള മറുപടി എ.ജിക്ക് നല്കിയതായിക്കാണുന്നു(സി5-505/16തീയതിഇല്ല).ഇതിൻമേലുള്ള തുടർനടപടികൾ എ.ജി യിൽനിന്നും ലഭിച്ചതായികാണുന്നില്ല.

## പാർട്ട് II

### I.ക്യഷ് ബുക്കുംഅനുബന്ധ രേഖകളും

**ബിൽബുക്കും ക്യാഷ്ബുക്കും**

(എ).21-06-2013മുതൽ19-11-2015 വരെയുള്ള ക്യാഷ്ബുക്കിൽ ജുലൈ,ആഗസ്റ്റ്, സെപ്തംബർ,ഒക്ടോബർ എന്നീ മാസങ്ങളിലെ നീക്കിയിരിപ്പുതുകയുടെ സംക്ഷിപ്തവും ഭൗതിക പരിശോധനാസാക്ഷ്യപത്രവും എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല(പേജ് 35,47,67,)വിശദീകരണം നല്കേണ്ടതും ന്യൂനത പരിഹരിച്ചറിയിക്കേണ്ടതുമാണ്

(ബി).ബിൽ നം13/Estt/pay/15-16 പ്രകാരമുള്ള 25579/-രൂപയ്ക്ക് പകരം 25575/-രൂപയാണ് ബിൽബുക്കിലെ 10(a)കോളത്തിൽ എഴുതിയിരിക്കുന്നത്. എന്നാൽ ക്യഷ്ബുക്കിൽ 25579/-രൂപയുടെ വരവും ചെലവും രേഖപ്പെടുത്തിക്കാണുന്നു.യഥാസമയം ട്രഷറി ഓഫീസറെകൊണ്ട് തിരുത്തൽവരുത്താതിരുന്ന നടപടി ശരിയല്ല. ന്യൂനത പരിഹരിച്ചറിയിക്കേണ്ടതാണ്.

(സി).21-06-2013 മുതൽ19-11-2015 വരെയുള്ള ക്യാഷ്ബുക്കിലെ പേജ് 87,88,89,90, 17-04-2016 മുതൽ 08-09-2016 വരെയുള്ള ക്യാഷ്ബുക്കിലെ പേജ് 94,98 എന്നിവ റദ്ദുചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ചറിയിക്കേണ്ടതാണ്.

(ഡി). KTC Vol.I,Rule92(a)(ii) പ്രകാരം ക്യാഷ്ബുക്കിലെ ഓരോ വരവ് ചെലവ് രേഖപ്പെടുത്തലുകളും drawing and disbursing officer സാക്ഷ്യപ്പെടുത്തേണ്ടതാണ് . എന്നാൽ 30-11-2015 ലെയും13-01-2016 ലെയും വരവുതുകകളും 27-05-2016 മുതൽ 31-03-2017 വരെയുള്ള വരവ് ചെലവ് തുകകളും(പരിശോധനാ കാലയളവിലേത്)സാക്ഷ്യപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഇ). 20-11-2015 മുതൽ16-04-2016 വരെയുള്ള ക്യാഷ്ബുക്കിൽ 2015 ഡിസംബർ മാസത്തെ മാസാന്ത്യ സംഷിപ്തവും ഭൗതിക പരിശോധനാസാക്ഷ്യപത്രവും scdo സാക്ഷ്യപ്പെടുത്തിയിട്ടില്ല(പേജ് 26).അതുപോലെ ജനുവരി 2016 ലെ മാസാന്ത്യ സംഷിപ്തവും സാക്ഷ്യപ്പെടുത്തിയിട്ടില്ല.മാത്രമല്ല ഭൗതിക പരിശോധനാസാക്ഷ്യപത്രം എഴുതിയിട്ടുമില്ല (പേജ് 43).ആഗസ്റ്റ 2016 ലെ മാസാന്ത്യ നീക്കിയിരിപ്പ് തുകയുടെ ഭൗതിക പരിശോധനാസാക്ഷ്യപത്രവും scdo സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(എഫ്). 20-11-2015 മുതൽ16-04-2016 വരെയുള്ള ക്യാഷ്ബുക്കിലെ 53 മുതൽ 55 വരെയുള്ള പേജുകൾ(16-02-2016 മുതൽ18-02-2016 വരെയുള്ള പണമിടപാടുകൾ എഴുതിയശേഷം)റദ്ദുചെയ്യാതെ സ്റ്റാപ്ലർ പിൻ അടിച്ചുവച്ചനിലയിലാണ്. ഈ നടപടി ശരിയല്ല. ടി പേജുകൾ റദ്ദുചെയ്ത് സാക്ഷ്യപ്പെടുത്തിവയ്കേണ്ടതാണ്.

(ജി). 2015-16 വർഷത്തെ ബിൽബുക്കിലെ 12 മുതൽ 19 വരെയുള്ള പേജുകളിലും, 2016-17 വർഷത്തെ ബിൽബുക്ക് പേജുകളിലും ഓഫീസിന്റെ പേര്,ഓഫീസറുടെ ഡെസിഗ്നേഷൻ,ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(എച്ച്).ബിൽ നം.22/16-17-Festi Allow പ്രകാരമുള്ള 1110/- രൂപയ്ക് പകരം ബിൽ ബുക്കിലെ കോളം 10(b) യിൽ STO പാസ്സാക്കിയിരിക്കുന്ന തുക 1110/- രൂപയാണ്.എന്നാൽ ക്യാഷ്ബുക്കിൽ 1110/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

ബിൽബുക്കിൽ ട്രഷറിഓഫീസർ പാസ്സാക്കിയ തുകയും ക്യാഷ്ബുക്കിൽ വരവുകാണിച്ച തുകയും തമ്മിൽ വ്യത്യാസം വന്നതിന് വിശദീകരണം നല്കേണ്ടതാണ്.

(ഐ) പരിശോധനാ തീയതിയായ 09-01-2018 ലെ ക്യാഷ്ബാലൻസ് NIL ആണ്.

## TR-V രസീത് ബുക്ക്

ഈ ഓഫീസിൽ TR-V രസീത് ബുക്ക് പരിപാലിച്ചുവരുന്നില്ല. ആവശ്യമുള്ളപക്ഷം Centralized Numbering System പ്രകാരമുള്ള TR-V രസീത് ബുക്ക് ലഭ്യമാക്കി അതിന്റെ സ്റ്റോക്ക് രജിസ്റ്റർസഹിതം പരിപാലിച്ചുപയോഗിക്കാവുന്നതാണ്.

## സി.ആർ.ഡി.ആർ:

പരിശോധനാ കാലയളവിൽ സി.ആർ.ഡി.ആർ പരിപാലിച്ചുകാണുന്നില്ല. ജില്ലാ പട്ടികജാതിവികസന ഓഫീസിൽനിന്നും മറ്റും പണമായും ചെക്കായും ലഭിക്കുന്ന തുകകൾ സി.ആർ.ഡി.ആർ.വഴിലഭ്യമാക്കുകയും അതിൽ ഇരു ഓഫിസർമാരും സാക്ഷ്യപ്പെടുത്തലുകൾ വരുത്തണമെന്നുമിരിക്കെ- ജില്ലാ പട്ടികജാതിവികസന ഓഫീസിൽനിന്നും ലഭിച്ച ചുവടെ പറയുന്ന തുകകൾ സി.ആർ.ഡി.ആർ പരിപാലിച്ച് അതിൽ ചേർത്തതായി കാണുന്നില്ല. അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

| ചെക്ക്.നം. | ക്യാഷ് ബുക്കിൽ വരവ് ചേർത്ത തീയതി. | തുക |
|---|---|---|
| 1901228 | 27-04-2015 | 3,80,000/- |
| 1901256 | 07-10-2015 | 1,77,000/- |
| 1901265 | 07-10-2015 | 3,35,000/- |
| 1901278 | 06-01-2016 | 10,000/- |
| 1901287 | 16-01-2016 | 90000/- |
| 1970706 | 16-01-2016 | 6,15,000/- |
| 1970735 | 11-03-2016 | 8,65,000/- |
| 1970728 | 11-03-2016 | 1,15,000/- |

## ചെല്ലാൻ ഫയൽ.

ഈ ഓഫീസിൽ ചെല്ലാൻ ഫയൽ പരിപാലിച്ചിട്ടില്ല. ചെല്ലാനുകൾ വിവിധ അക്വിറ്റൻസ് രജിസ്റ്ററിൽ ഒട്ടിച്ചുവച്ച നിലയിലാണ്. ചെല്ലാൻ ഫയൽ പരിപാലിക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

## അക്വിറ്റൻസ് സ്റ്റാഫ്

ഈ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(എ). 12/2011മുതലുള്ള രജിസ്റ്ററിലെ 69,70,81,84,85,94 എന്നീ പേജുകളിൽ വിതരണംചെയ്ത തുകകൾ ആകെ തുകയുടെ കോളത്തിൽ കൂട്ടിയെഴുതിയിട്ടില്ല.

(ബി). ഈ രജിസ്റ്ററിലെ പേജ് 77ൽ തുകകൾ പലതീയതികളിലായിട്ടാണ് വിതരണം ചെയ്തിട്ടുള്ളത്.എന്നാൽ ഇതിന്റെ വിതരണ സംപ്ഷിപ്തം എഴുതിയിട്ടില്ല.

(സി ). 12/2011മുതലുള്ള രജിസ്റ്ററിലെ 69 മുതൽ97 വരെയുള്ള പേജുകളിലും 18-10-2016 മുതലുള്ള രജിസ്റ്ററിലെ 1 മുതൽ 20 വരെ യുള്ള പേജുകളിലും **KTC.Vol.I,Rule 432(d)** പ്രകാരമുള്ള സർട്ടിഫിക്കറ്റ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ഡി). 12/2011മുതലുള്ള അക്വിറ്റൻസിലെ 69,70,77,78,79,81,84,85 എന്നീ പേജുകളിൽ വിതരണതുകകൾക്ക് ആധാരമായ ബിൽ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല.

(ഇ). ഈ രജിസ്റ്ററിലെ 69 മുതൽ 87 വരെയുള്ളപേജുകളിലെ വിതരണവിവരം scdo.സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(എഫ്). 25-10-2016 മുതൽ ആരംഭിച്ചിട്ടുള്ള രജിസ്റ്ററിൽ pay &allowance credit ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഒട്ടിച്ച് നന്നായി പരിപാലിക്കുന്നുണ്ട്.എന്നാൽ **KTC.Vol.I, Rule 432(d)** പ്രകാരമുള്ള സർട്ടിഫിക്കറ്റ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

## അക്വിറ്റൻസ്.(എസ്.സി (പ്രമോട്ടർമാർ)

(എ. ഈ രജിസ്റ്ററിലെ പേജ് 30,33,35,36,38,39,41,42 എന്നിവയിലായി വിതരണം നടത്തിയിട്ടുള്ള ഓരോ ബിൽ തുകയും പലതീയതികളിലായിട്ടാണ് പ്രമോട്ടർമാർ കൈപ്പറ്റിയത് .എന്നാൽ ഇതിന്റെയൊന്നും വിതരണ സംപ്ഷിപ്തം എഴുതിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(ബി). ഈ രജിസ്റ്ററിലെ പേജ് 37,38,39 എന്നിവയിലായി വിതരണം നടത്തിയിട്ടുള്ള തുകകളുടെ ബിൽസംബന്ധമായ വിവരങ്ങൾ അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.മാത്രമല്ല വിതരണംചെയ്ത തുകകൾ ആകെ തുകയുടെ കോളത്തിൽ കൂട്ടിയെഴുതിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(സി). ഈ രജിസ്റ്ററിലെ 30 മുതലുള്ള പേജുകളിൽ ഏതുമാസത്തെ ഓണറേറിയമാണ് പ്രമോട്ടർമാർക്ക് മാറിനല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല.വിശദീകരണം നല്കേണ്ടതാണ്.

(ഡി). മാർച്ച്16 ലെ ഓണറേറിയംതുകയ്ക്കുള്ള ബിൽ(ബിൽ.നം.CB.No.78/15-16-Hon)26-03-16 ന് ട്രഷറിയിൽ സമർപ്പിച്ച് അന്നുതന്നെ പാസ്സാക്കി വാങ്ങിയിട്ടുള്ള

തായി കാണുന്നു.എസ്.സി.പ്രമോട്ടർമാരുടെ ഒരുമാസത്തെ ഓണറേറിയം പൂർണ്ണമായി മാറുന്നതിന് മുൻപ് ആ മാസത്തെ വർക്ക് ഡയറി പരിശോധിക്കേണ്ടതുണ്ട്.എന്നാൽ 26-03-2016 ന് തന്നെ മാർച്ച്മാസത്തെ ഓണറേറിയം മാറിയ സ്ഥിതിയ്ക്ക് വർക്ക് ഡയറി പരിശോധിച്ചില്ല തുക മാറിയതെന്ന് വ്യക്തമാണ്.ഇപ്രകാരം തുക നേരത്തേ മാറിയതിന് വിശദീകരണം നല്കേണ്ടതാണ്.

## അക്വിറ്റൻസ്(അപ്രന്റീസ് ക്ലാർക്ക്).

2016-17 വർഷംമുതൽ Acknowledgement Receipt ഒട്ടിച്ച് രജിസ്റ്റർ നല്ല വണ്ണം പരിപാലിച്ചുവരുന്നുണ്ട്.എന്നാൽ എന്നാൽ ഇതിനായി ഒരു ഫീസ് രജിസ്റ്ററാണ് ഉപയോഗിച്ചിട്ടുള്ളത്.മറ്റ് പരാമർശങ്ങൾ ഇല്ല.

## കാഷ്വൽ സ്വീപ്പറുടെ വേതനം.

ക്യാഷ്വൽ സ്വീപ്പറുടെ വേതനം 26-08-2015 മുതൽ01-07-2016 വരെയും 06-01-2017 മുതൽ04-03-2017 വരെയും ഉള്ളവ രസീതുകൾ വാങ്ങി നല്കിയിട്ടുള്ളതായി കാണുന്നു.എന്നാൽ എസ്.സി.ഡി.ഒ ഈ രസീതുകൾ പേ-ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.08/16 മുതൽ 12/16 വരെയുള്ള കാലയളവിൽ തുക ക്രെഡിറ്റ് ചെയ്തതിന്റെ Acknowledgement Receipt ലഭ്യമാക്കി സൂക്ഷിച്ചിട്ടുണ്ട്.

## അക്വിറ്റൻസ്-ITI&BTC(Basic Training centre)

2016-17 ലെ രജിസ്റ്ററിൽ പേജ്സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

## അക്വിറ്റൻസ്(വിവിധ പദ്ധതി ആനുകൂല്യ വിതരണം)

(എ). ചുവടെ ചേർക്കുന്ന തുകകൾ തിരിച്ചടച്ചതിന്റെ ചെല്ലാൻ രസീതുകൾ പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററിൽ ഒട്ടിച്ചിരിക്കുന്നു.എന്നാൽ ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തുമ്പോൾ ചെല്ലാൻ നമ്പർ ,തീയതി, തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ എന്നിവ എഴുതിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതും തുകകൾ തിരിച്ചടയ്ക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

| Chellan.No. | date | Amount | Item |
|---|---|---|---|
| 411 | dtd 06-10-2016 | 12500/- | Toilet grant |
| 413 | ,, | 12500/- | ,, |
| 414 | ,, | 12500/- | ,, |
| 415 | ,, | 12500/- | ,, |
| 416 | ,, | 12500/- | ,, |
| 417 | ,, | 12500/- | ,, |
| 418 | ,, | 12500/- | ,, |
| 419 | ,, | 12500/- | ,, |
| 420 | ,, | 12500/- | ,, |
| 421 | ,, | 12500/- | ,, |
| 423 | ,, | 12500/- | ,, |
| 424 | ,, | 12500/- | ,, |

(ബി). ബിൽ.നം.CB.No.46/15-16 പ്രകാരം 31-12-2015 ന് ടോയിലറ്റഗ്രാന്റ് ഇനത്തിൽ തേർച്ചചെയ്ത 50,00,000/-രൂപയുടെ ഡി.ഡി കളിൽ ചുവടെ പറയുന്ന ഡി.ഡി കൾ അക്വിറ്റൻസിൽ രേഖപ്പെടുത്തിയത് വിതരണം നടത്തിയതായോ,തിരിച്ചടച്ചതായോ എഴുതിയിട്ടില്ല.ഈ ഡി.ഡി കൾ എന്തുചെയ്തുവെന്ന് അക്വിറ്റൻസിൽ ഓരോ ഡി ഡി യുടേയും നേർക്ക് രേഖപ്പെടുത്തേണ്ടതുണ്ട് .ന്യൂനതകൾ  പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.(പേജ്.നം.10 മുതൽ 54 വരെ)

| അക്വിറ്റൻസിലെ ക്രമ നമ്പർ | ഡി.ഡി നമ്പർ | തീയതി | തുക |
|---|---|---|---|
| 217 | 295057 | 12-01-2016 | Rs.12,500/- |
| 235 | 295075 | " | Rs.12,500/ |
| 236 | 295076 | " | Rs.12,500/ |
| 237 | 295077 | " | Rs.12,500/ |
| 239 | 275079 | " | Rs.12,500/ |
| 240 | 275080 | " | Rs.12,500/ |
| 243 | 295085 | " | Rs.12,500/ |
| 244 | 295086 | 13-01-2016 | Rs.12,500/ |
| 245 | 295087 | " | Rs.12,500/ |
| 246 | 295088 | " | Rs.12,500/ |
| 262 | 682904 | " | Rs.12,500/ |
| 267 | 682909 | " | Rs.12,500/ |

| | | | |
|---|---|---|---|
| 272 | 682914 | ,, | Rs.12,500/ |
| 284 | 682930 | ,, | Rs.12,500/ |
| 285 | 682931 | ,, | Rs.12,500/ |
| 288 | 682934 | ,, | Rs.12,500/ |
| 290 | 682936 | ,, | Rs.12,500/ |
| 310 | 682966 | ,, | Rs.12,500/ |
| 312 | 682968 | ,, | Rs.12,500/ |
| 314 | 682970 | ,, | Rs.12,500/ |
| 320 | 682976 | ,, | Rs.12,500/ |
| 325 | 682981 | ,, | Rs.12,500/ |
| 331 | 682987 | ,, | Rs.12,500/ |
| 344 | 683000 | ,, | Rs.12,500/ |
| 357 | 295113 | ,, | Rs.12,500/ |
| 361 | 295117 | ,, | Rs.12,500/ |
| 366 | 295122 | | Rs.12,500/ |
| 368 | 295124 | | Rs.12,500/ |
| 372 | 295129 | | Rs.12,500/ |
| 396 | 295152 | | Rs.12,500/ |
| 400 | 295156 | | Rs.12,500/ |

## അക്വിറ്റൻസ്-ചികിത്സാ ധനസഹായം.

പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മറ്റ് പരാമർശങ്ങൾ ഇല്ല

## അക്വിറ്റൻസ്-വിവാഹ ധനസഹായം

പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മറ്റ് പരാമർശങ്ങൾ ഇല്ല

## അക്വിറ്റൻസ്-ഭൂരഹിത പുനരധിവാസ ധനസഹായം.

പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മറ്റ് പരാമർശങ്ങൾ ഇല്ല

## അക്വിറ്റൻസ്-ദുർബ്ബലവിഭാഗങ്ങൾക്കുള്ള ധനസഹായം

തുകകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റുചെയ്തതിന്റെ സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ഒട്ടിച്ചു സൂക്ഷിച്ചിട്ടുണ്ട്. .മറ്റ് പരാമർശങ്ങൾ ഇല്ല.

**അക്വിറ്റൻസ്(ടോയിലറ്റ് ഗ്രാന്റ്.**

ബിൽ നം.74/15-16 പ്രകാരം 26-03-2016ൽ തേർച്ചചെയ്ത13,500,000/- രൂപ പല തീയതികളിലായി വിതരണംചെയ്തു കാണുന്നു.എന്നാൽ തീയതിതിരിച്ചുള്ള വിതരണസംഷിപ്തം എഴുതി സൂക്ഷിടച്ചിട്ടില്ല.വിശദീകരണം നല്കേണ്ടതാണ്.

**.അക്വിറ്റൻസ്-ശ്രീ.അയ്യൻകാളിമെമ്മോറിയൽ ടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം**

(എ). ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരമുള്ള തുകകളുടെ വിതരണ സംക്ഷിപ്തം അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

1.CB.No.36/15-16 Rs.93,000/- c/o 30-11-2015

2.CB.No.43/15-16 Rs.45,000/- c/o 31-12-2015

3.CB.No.64/15-16 Rs.69,000/- c/o 15-03-2016

(ബി).ചുവടെ ചേർക്കുന്ന ചെല്ലാൻ രസീതുകൾ അക്വിറ്റൻസിൽ ഒട്ടിച്ചിരിക്കുന്നു.ശരിയായ നടപടി ഇതല്ല.ചെല്ലാൻ ഫയൽ പരിപാലിച്ച് ചെല്ലാനുകൾ അതിൽ സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

| Chellan.No. | Date | Amount | Page No of Aquittance |
|---|---|---|---|
| 78 | 23-05-2016 | 3000/- | 8 |
| 102 | 22-04-2016 | 1500/- | 16 |

**ചെക്ക് ഇഷ്യൂ രജിസ്റ്റർ**

26-09-2017 മുതൽ ഈ രജിസ്റ്റർ പരിപാലിച്ചുവരുന്നു,Spl.TSB A/C No,0009 ൽ 11-08-2018 ന് 23,33,000/-രൂപ ബാലൻസുള്ളതായി കാണുന്നു.

## പാർട്ട് III

## വിവിധ പദ്ധതികൾ സംബന്ധിച്ച്

### 1.മിശ്രവിവാഹധനസഹായം

1. 15-16 സാമ്പത്തികവർഷം 16 ഗുണഭോക്താക്കൾക്കായി 800000/-രൂപയും, 16-17 സാമ്പത്തികവർഷം 14 ഗുണഭോക്താക്കൾക്കായി 700000/-രൂപയും വിതരണംചെയ്തിട്ടുണ്ട്.

2. മിശ്രവിവാഹധനസഹായ രജിസ്റ്റർ പരിപാലികുകുന്നതിൽ വേണ്ടത്ര ശ്രദ്ധയുള്ളതായി തോന്നുന്നില്ല.( മിശ്രവിവാഹിതരായദംപതിമാരുടെ ഒരുമിച്ചുള്ള പാസ്പോർട്ട്സൈസ് ഫോട്ടോ രജിസ്റ്ററിൽ പതിക്കുകയും അപേക്ഷകരുടെവിവരം നിശ്ചിതമാതൃകയിൽ രജിസ്റ്ററിൽരേഖപ്പെടുത്തി- ഓഫീസർ ഒപ്പിട്ട്- പരിപാലിക്കേണ്ടതുമാണ്). 15-16 സാമ്പത്തികവർഷം 16 അപേക്ഷകളും അനുബന്ധരേഖകളും, 16-17 സാമ്പത്തികവർഷം 14 അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.ന്യൂനതകൾ പരിഹരിയ്ക്കാൻ നേരിൽ നിർദ്ദേശം നല്കിയിട്ടുണ്ട്.

3. മിശ്രവിവാഹധനസഹം അനുവദിക്കപ്പെട്ട ദംപതിമാരുടെ പേരിൽ നിശ്ചിത വിലയ്ക്കുള്ള മുദ്രപ്പത്രം വാങ്ങിനല്കിയിട്ടുണ്ടെങ്കിലും ക്രമപ്രകാരമുള്ള എഗ്രിമെന്റ് എക്സിക്യൂട്ട്ചെയ്തിട്ടുള്ളതായി കാണുന്നില്ല. അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം നല്കേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്

4. ധാരാളം വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി.ഇവ മടക്കിനല്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

5. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിലും സൂക്ഷിക്കേണ്ടതാണ്

### 2.വിവാഹധനസഹായം

1. 2015-16ൽ 93 ഗുണഭോക്താക്കൾക്കായി 50000/-രൂപ ക്രമത്തിൽ4650000/-രൂപയും, 2016-17ൽ 111 ഗുണഭോക്താക്കൾക്കായി 5550000/- രൂപയും അനുവദിച്ചിട്ടുണ്ട്. അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പരിപാലികുകുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.ആനുകൂല്യം അനുവദിച്ച ഉത്തരവ്നമ്പർ,തീയതി എന്നിവ രജിസ്റ്ററിൽരേഖപ്പെടുത്തി- ഓഫീസർ ഒപ്പിട്ട്-സൂക്ഷിക്കേണ്ടതാണ്.ഗുണഭോക്താക്കളുടെ ഫോട്ടേ രജിസ്റ്ററിൽ പതിക്കുന്നതിൽ ഒരുകാരണവശാലും വീഴ്ചവരുത്തരുത്.

2. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിലും സൂക്ഷിക്കേണ്ടതാണ്

നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**3. ചികിൽസാധനസഹായം**

1. ചികിൽസാധനസഹായം അനുവദിക്കുന്നതിനുള്ള അലോട്ട്മെന്റ് ജില്ലാഓഫീസർ നല്കുകയും ടി തുക ഓഫീസറുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചികിൽസാധനസഹായം അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് ചെക്ക്മുഖേന തുക നല്കുകയുമാണ്ചെയ്യുന്നത്. 2015-16, 2016-17 വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 35 | 9,17,000/- |
| 2016-17 | 104 | 23,90000/- |

ചികിൽസാധനസഹായം അനുവദിക്കുന്നവരുടേതായ രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല.ഓരോവർഷവും ചികിൽസാധനസഹായം അനുവദിക്കുന്നവരുടെ പേരു വിവരം പ്രത്യേക രജിസ്റ്ററിൽരേഖപ്പെടുത്തിസൂക്ഷിക്കേണ്ടതും,ഏതുത്തരവിൻപ്രകാരമാണ്ധനസഹായം അനുവദിച്ചതെന്ന് തീയതിസഹിതം രേഖപ്പെടുത്തേണ്ടതുമാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**4.ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.**

2015-16, 2016-17 വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 46 | 207000/- |
| 2016-17 | 24 | 108000/- |

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിപാലിക്കുന്നു.ഈ രജിസ്റ്റർതന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. അക്വിറ്റൻസിൽ തീയതി വച്ച് ഒപ്പിടുന്നു വെന്ന് ഉറപ്പുവരുത്തേണ്ടതാണ്.ഈ സ്കീമിലേയ്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതും എസ്.സി പ്രമോട്ടർമാർ കുട്ടികളുടെ ഭവനങ്ങളിൽ

സന്ദർശനംനടത്തി പഠനനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. യു.സി അയയ്ക്കു ന്നതിന്റെ കോപ്പി ഫയലിലും സൂക്ഷിക്കേണ്ടതാണ്.

**5.ട്യൂഷൻഫീസ് റീ ഇംബേഴ്സ്മെന്റ്.**

ഈ ഓഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.സി അംഗീകാര മുള്ള 6 സ്വകാര്യ സ്കൂളുകളിലെ പട്ടികജാതിയിലും,മറ്റർഹസമുദായത്തിലുംപെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചുവരുന്നതായി കാണുന്നു. 2015-16, 2016-17 വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 46 | 207000/- |
| 2016-17 | 24 | 108000/- |

**6.പ്രൈമിറ എഡ്യൂക്കേഷൻ എയ്ഡ്.**

2015-16, 2016-17 വർഷങ്ങളിൽ പ്രൈമിറ എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 949 | 1898000/- |
| 2016-17 | 767 | 1534000/- |

**7.പാരലൽ കോളേജ് എഡ്യൂക്കേഷൻ എയ്ഡ്**

2015-16, 2016-17 വർഷങ്ങളിൽ പാരലൽ കോളേജ് വിദ്യാഭ്യാസധനസ ഹായം അനുവദിച്ചിട്ടില്ല.തൃക്കടവൂർ ഗ്രാമ പഞ്ചായത്തിലായിരുന്നു ഈ ഓഫീസ്ന്റെ പരിധിയിലുള്ള പാരലൽ കോളേജ് പ്രവർത്തിച്ചിരുന്നത്. തൃക്കടവൂർ ഗ്രാമ പഞ്ചായത്ത ഇപ്പോൾ കൊല്ലം കോർപ്പറേഷനിൽലാണ്

**8.ലംപ്സംഗ്രാന്റ്വിതരണം.**

2015-16 വർഷം 68 സ്കൂളുകളിലെ 2600-പട്ടികജാതിവിദ്യാർത്ഥികൾക്കായി 1715850/- രൂപയും, 2016-17 വർഷം 61 സ്കൂളുകളിലെ 2274-പട്ടിക ജാതിവിദ്യാർത്തികൾക്കായി 1366590/-രൂപയും വിതരണംചെയ്തിട്ടുണ്ട്. എല്ലാ സ്കൂളുകളിൽനിന്നും അക്വിറ്റൻസ് ലഭിച്ചതായി കാണുന്നുണ്ടെങ്കിലും ലംപ്സം ഗ്രാന്റ്വിതരണം സംബന്ധിച്ച രജിസ്റ്റർ പൂർത്തിയാക്കിയതായി കാണുന്നി ല്ല..2015-16 വർഷം ടി രജിസ്റ്ററിലെ കോളം നം.18,19,20,21 എന്നിവ പൂരിപ്പിച്ചുകാ

ണുന്നില്ല.2016-17ൽ ഈ ന്യൂനത പരിഹരിച്ചിട്ടുണ്ടെങ്കിലും തുക തിരിച്ചടച്ച ചെല്ലാൻ നമ്പരും തീയതിയും കോളം നം.20-ൽ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ നിർദ്ദേശിക്കുന്നു. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്

**9.പ്രതിമാസ സ്റ്റൈപ്പന്റ്.**

2015-16, 2016-17 വർഷങ്ങളിൽ പിന്നോക്കംനില്കുന്ന പട്ടികജാതിവിദ്യാർത്തികൾക്കായി പ്രതിമാസ സ്റ്റൈപ്പന്റ് നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 69 | 7750/- |
| 2016-17 | 69 | 43680/- |

എല്ലാ സ്കൂളുകളിൽനിന്നും അക്വിറ്റൻസ് ലഭിച്ചതായി കാണുന്നു.യഥാസമയം വിദ്യാർത്ഥികൾക്ക് ധനസഹായം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**10.സ്വയം തൊഴിൽ ധന സഹായ പദ്ധതി:**

2015-16 വർഷം സ്വയം തൊഴിൽ ധന സഹായ സബ്സിഡി നല്കിയിട്ടില്ലെന്നു കാണുന്നു.2016-17 വർഷം 33333/- സബ്സിഡി നല്കിയിട്ടുണ്ട്.മറ്റ് പരാമർശങ്ങൾ ഇല്ല.

**11.ഭൂരഹിത പുനരധിവാസ പദ്ധതി.**

2015-16 സാമ്പത്തികവർഷം 32 ഗുണഭോക്താക്കൾക്ക് 5സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് 375000/- രൂപ നിരക്കിൽ 1,20,00.000/-, രൂപയും, 2016-17 സാമ്പത്തികവർഷം 30 ഗുണഭോക്താക്കൾക്ക് 375000/- രൂപ നിരക്കിൽ 11,25,00,00 രൂപയും ഒരുഗുണഭോക്താവിന് 4.5 സെന്റ് സ്ഥലം വാങ്ങാൻ 3,37,500/-രൂപയും ഉൾപ്പെടെ ആകെ 1,15,87,500/- രൂപയും അനുവദിച്ചുനല്കിയതായി കാണുന്നു.

പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ ചുവടെ പറയുന്നു.

1.രജിസ്റ്ററിൽ ആനുകൂല്യം അനുവദിച്ച ഉത്തരവ്,തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.ഓഫീസർ ഒപ്പിടുന്നില്ല.

2.നിശ്ചിത തുകയ്ക്കുള്ള മുദ്രപ്പത്രം ഗുണഭോക്താക്കൾ വാങ്ങിനല്കിയിട്ടുണ്ടെങ്കിലും അതിൽ ആവശ്യമായ വിവരങ്ങൾ ടൈപ്പുചെയ്തോ,എഴുതിയോ ചേർക്കുന്നില്ല.ബന്ധപ്പെട്ട ഓഫീസറും ഗുണഭോക്താക്കളും ഒപ്പിടുന്നില്ല.

3. ഗുണഭോക്താക്കളുടെ ഫോട്ടോ പതിക്കാൻ രജിസ്റ്ററിൽ പ്രത്യേക കോളം ഉണ്ടെങ്കിലും ചില ഗുണഭോക്താക്കൾക്ക് ഇതിൽ ഇളവ് നല്കിയതായി കാണുന്നു

ഉദാ:ശ്രീമതി.മിനി.ആർ,പുത്തൻവിളയിൽ വീട്

:ശ്രീമതി.ശ്യാമള,ശ്യാമളഭവൻ,കുരീപ്പുഴ,

:ശ്രീമതി.ബിന്ദു.എൻ,കുഴിക്കാട്ടിൽ,കുരീപ്പുഴ

:ശ്രീമതി.ശരണ്യ,തിനവിളതാഴതിൽ,കാഞ്ഞിരവെളി,

:ശ്രീമതി.ശോഭന,തെക്കേവയലിൽ,വടക്കേക്കര.

:ശ്രീ.ദീപു.സി,ലക്ഷംവീട്,പട്ടൻതുരുത്ത്

4.ഗുണഭോക്താക്കൾക്ക് ആധാരങ്ങൾ തിരികെ നല്കുന്നതിൽ വേണ്ടത്ര ശ്രദ്ധയില്ലെന്നകാണുന്നു.അനുവദിച്ചുനല്കിയ സ്ഥലം ഗുണഭോക്താവിന്റെ പേരിൽകൂട്ടി കരമടച്ചുകഴിഞ്ഞാൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല.ഇക്കാര്യത്തിൽ സത്വരനടപടിസ്വീകരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

5.2016-17 വർഷം 31 പേർക്ക് ധനസഹായം നല്കിയെങ്കിലും 20 ഗുണഭോക്താക്കളുടെ വിവരം മാത്രമേ രജിസ്റ്ററിൽ ചേർത്തിട്ടുള്ളു.ശേഷിക്കുന്ന 11പേരുടെ അപേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

1.ശ്രീ.രാധൻ.എസ്,തെങ്ങുവിള വീട്,തെക്കേമുറി.

2.ശ്രീമതി.ശാലിനി,സുനിൽഭവൻ, തെക്കേമുറി.

3.ശ്രീ.സോമരാജൻ,വാഴയിൽതെക്കതിൽ,മൺട്രോതുരുത്ത്.

4.ശ്രീ.സുനിൽകുമാർ,ഷാജിഭവനം,പമ്പാലിൽ,പെരിനാട്.

5. ശ്രീമതി ഉഷ.ജെ,കളപ്പുറത്ത്കിഴക്ക്,കോയിക്കൽ,കിഴക്കേക്കല്ലട.

6 ശ്രീമതി.ഉഷാകുമാരി,എൻ,മുരളിമന്ദിരം,തൃക്കരുവ,പെരിനാട്.

7. ശ്രീമതി അഭിതകുമാരി,അഭിലാഷ്ഭവൻ,നീരൊഴുക്കിൽ,പേരയം.

8. ശ്രീമതി സന്ധ്യമോൾ,കാവിന്റെതെക്കതിൽ,മുളവന,കുണ്ടറ.

9. ശ്രീമതി മോഹിനി,ശ്രീരാമപുരംപടീറ്റതിൽ,കാഞ്ഞിരംകോട്.

10.ശ്രീ.സന്തോഷ്.ഡി,കോട്ടയാടിവിളവീട്, കിഴക്കേക്കല്ലട.

11. ശ്രീമതി സിന്ധു.എൽ,മോഹനവിലാസം,തെന്മേനിക്കിഴക്ക്, മൺട്രോതുരുത്ത്

. ഇവരുടെ വിവരം രജിസ്റ്ററിൽ ചേർക്കാതെയാണ് 2017-18വർഷത്തെ ഗുണഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ ചേർത്തി രിക്കുന്നത്.ന്യൂനതകൾ ആവർത്തിക്കാതിരിക്കാനും ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യാനും നിർദ്ദേശിക്കുന്നു.

## 12.ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി.

2015-16, 2016-17 വർഷങ്ങളിൽ ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരമുള്ള ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 6(375000) | 22,50,000/- |
| 2016-17 | 2(375000) | 7,50,000/- |

മറ്റ് പരാമർശങ്ങൾ ഇല്ല.

## 13.ഭവന നിർമ്മാണ ധനസഹായം

2007-08 മുതൽ 2016-17 വരെയുള്ള .ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|
| | | | I | II | III |
| 2007-08 | 15 | 8 | 1 | 3 | 3 |
| 2008-09 | 31 | 14 | 1 | 4 | 12 |
| 2009-10 | 67 | 13 | -- | 20 | 34 |
| 2010-11 | 64 | 53 | 4 | 3 | 4 |
| 2011-12 | 15 | 13 | -- | 1 | 1 |
| 2012-13 | 35 | 26 | 2 | 2 | 5 |
| 2013-14 | 50 | 36 | 1 | 11 | 2 |
| 2014-15 | 24 | 17 | 1 | 2 | 4 |
| 2015-16 | 41 | 33 | -- | 4 | 4 |

| | | | | | |
|---|---|---|---|---|---|
| 2016-17 | 141 | 35 | 40 | 50 | 16 |
| ആകെ | 483 | 248 | 50 | 100 | 85 |

2007-08 വർഷം മുതൽ 2016-17 വർഷംവരെ അനുവദിച്ച 483 വീടുകളിൽ 248 എണ്ണം മാത്രമേ പൂർത്തിയാക്കാനായുള്ളു(51.34%) എന്ന വസ്തുത ഗൗരവത്തോടെ വീക്ഷിക്കേണ്ടിയിരിക്കുന്നു.പൂർത്തിയാക്കാനുള്ള വീടുകൾക്ക് മൂന്ന് ലക്ഷത്തിന് ആനുപാതികമായി ശേഷിക്കുന്ന ഗഡുക്കൾ നല്കാൻ വ്യവസ്ഥ ചെയ്തിട്ടും ഒരുചലനവും ഉണ്ടയില്ല.ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട്ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.ബ്ലോക്ക് പഞ്ചായത്ത്,ഗ്രാമപഞ്ചായത്ത് മെംബർമാരേയും പൊതു പ്രവർത്തകരേയും ഈവിഷയത്തിൽ ബന്ധപ്പെടുത്താവുന്നതാണ്.

അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പരിപാലികുകുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

## 14.ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി.

2015-16, 2016-17 വർഷങ്ങളിൽ ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്ക ളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | -- | -- |
| 2016-17 | 12 | 17,50,000/- |

മറ്റ് പരാമർശങ്ങൾ

## 15.ഭവന പുനരുദ്ധാരണ പദ്ധതി.

2015-16, 2016-17 വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2015-16 | 52 | 48 | 4 |
| 2016-17 | 65 | 55 | 10 |

മറ്റ് പരാമർശങ്ങൾ ഇല്ല

**16.ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന പുനരുദ്ധാരണപദ്ധതി.**

2015-16, ൽ ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം 2 പേർക്കാണ് നല്കിയത് 2പേരം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ചെലവ്.100000/-.2016-17ൽ ഈ പദ്ധതി പ്രകാരം 7 പേർക്ക് ധനസഹായം അനുവദിച്ചു.5പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട.2പേർ ഒന്നാം ഗഡുവിൽ നില്ക്കുന്നു.ചെലവ്-5x50000=250000,2x25000=50000.ആകെ ചെല് 300000/- മറ്റ് പരാമർശങ്ങൾ ഇല്ല.

## പാർട്ട് IV

## ഇതര പദ്ധതികൾ

**1.SH Group (സ്വയം സഹായ സംഘങ്ങങ്ങൾ)കൾ ക്കുള്ള സബ്സിഡി**

വകുപ്പിന്റെ സ്വയംതൊഴിൽ സബ്സിഡി ഉപയോഗിച്ചു പ്രവർത്തിക്കുന്ന 3_SH Group ക ൾ ഈ ബ്ലോക്കിന്റെ പരിധിയിലുണ്ട്.

15-16 സാമ്പത്തികവർഷം SH Group കൾ ക്കു സ്വയംതൊഴിൽ സബ്സിഡി അനുവദിച്ചതായി കാണുന്നില്ല. 16-17 സാമ്പത്തികവർഷം 3Group_കൾ ക്ക് സബ്സിഡി അനുവദിച്ചതായി കാണുന്നു.അവ

**1.ശ്രീ.പഞ്ചമി SH Group പ്രാക്കുളം,തൃക്കരുവ ഗ്രാമ പഞ്ചായത്ത്**

മുട്ടക്കോഴി വളർത്തലിനാണ് സബ്സിഡി അനുവദിച്ചത്.16-17 ൽ 500000/- രൂപ യാണ് ഇവർക്കനുവദിച്ച ധനസഹായം.

**2.ശിവ.പഞ്ചമി SH Group ചാവുകാട്,പനയം ഗ്രാമ പഞ്ചായത്ത്.**

ധാന്യങ്ങൾ പൊടിക്കുന്ന മില്ലിനാണ് സബ്സിഡി അനുവദിച്ചത്.16-17 ൽ 500000/- രൂപ യാണ് ഇവർക്കനുവദിച്ച ധനസഹായം.

**3.പൗർണ്ണമി പഞ്ചമി SH Group കാഞ്ഞിരംകുഴി,പനയം ഗ്രാമ പഞ്ചായത്ത്.**

റഡിമെയ്ഡ ഗാർമെന്റ് യുണിറ്റിനാണ് സബ്സിഡി അനുവദിച്ചത്.16-17 ൽ 375000/- രൂപ യാണ് ഇവർക്കനുവദിച്ച ധനസഹായം.

അടുത്തകാലത്ത് ഈ മൂന്ന് ഗ്രൂപ്പുകളും സന്ദർശിച്ച് പ്രവർത്തനപുരോഗതി വിലയിരുത്തിയെന്നും ഇവ മൂന്നും നന്നായി പ്രവർത്തിയ്കുന്നുണ്ട് എന്നും എസ്.സി.ഡി.ഒ അിറയിച്ചിട്ടുണ്ട്. SH Group കളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും,അവർക്ക് ആവശ്യമായ സഹായങ്ങൾ നല്കുന്നതിനും ടഇ പ്രമോട്ടേഴ്സിനെ ചുമതലപ്പെടുത്താവുന്നതാണ്.

**2.സ്വയം പര്യാപ്ത ഗ്രാമം**

ഈ പദ്ധതിയിൽ ഉൾപ്പെട്ട രണ്ട് ഗ്രാമങ്ങളാണ് ഈ ബ്ലോക്കിൽ ഉള്ളത്.

.1.തൃക്കരുവ ഗ്രാമ പഞ്ചായത്ത്പരിധിയിൽപ്പെട്ട പ്രാക്കുളം സാമ്പ്രാണിക്കോടി ഹരിജൻ കോളനി.ഇവിടെ എസ്റ്റിമേറ്റ് പ്രകാരമുള്ള രണ്ട് പ്രവർത്തികൾ ഒഴിച്ച് ബാക്കി പണികൾ പൂർത്തിയായിട്ടുണ്ട്.

(എ).ഹൈമാസ്റ്റ് ലൈറ്റ്:-നിർദ്ദിഷ്ട സ്ഥലത്ത് M.L.A ഫണ്ടുപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിനാലാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തി ഒഴിവാക്കിയത്.

(ബി). ഗാർഹിക ബയോഗ്യാസ് പ്ലാന്റ്:-പ്രാദേശികമായ പ്രശനങ്ങളും,നിർമ്മാണ ഏജൻസിയുടെ അനാസ്ഥയും മൂലമാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവർത്തി നടക്കാതിരുന്നത്

2.പെരിനാട് ഗ്രാമ പഞ്ചായത്ത്പരിധിയിൽപ്പെട്ട പുന്നപ്പുറം അംബേദ്കർ കോളനി. വിടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഒരു പ്രവർത്തി മാത്രമേ ആരഭിച്ചിട്ടുള്ളു.അതും 80% ന് താഴെ മാത്രമേ പൂർത്തിയായിട്ടുള്ളു.ഇവിടുത്തെ നിർമ്മാണ ഏജൻസി FIT ആണ്. FIT നിർമ്മാണം ഏറ്റെടുത്ത മിക്ക പ്രവർത്തികളുടേയും അവസ്ഥ ഇതുതന്നെയാണ്.അതിനാൽ FIT വകുപ്പിന്റെ പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും ഒഴിവാക്കുന്നതടക്കമുള്ള നടപടികളെക്കുറിച്ച് ചന്തിക്കാവുന്നരാണ്.

**3. അംബേദ്കർ സ്വാശ്രയ ഗ്രാമം.**

സ്വയം പര്യാപ്ത ഗ്രാമത്തിന്റെ പുതിയ വെർഷൻ ആണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെട്ട മൂന്ന് ഗ്രാമങ്ങളാണ് ഈ ബ്ലോക്കിൽ ഉള്ളത്.

1. കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത്പരിധിയിൽപ്പെട്ട അമ്പുവിള എസ്.സി . കോളനി. ഇവിടുത്തെ നിർമ്മാണ ഏജൻസി സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം ആണ്.എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് അയച്ചതായി കാണുന്നു.

2. പനയം ഗ്രാമ പഞ്ചായത്ത്പരിധിയിൽപ്പെട്ട ആൽത്തറമുകൾ എസ്.സി . കോളനി. ഇവിടുത്തെ നിർമ്മാണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രം ആണ്.എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് അയച്ചതായി കാണുന്നു.

3.പനയം ഗ്രാമ പഞ്ചായത്ത്പരിധിയിൽപ്പെട്ട പരട്ടുചിറ എസ്.സി . കോളനി. ഇവിടുത്തെ നിർമ്മാണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രം ആണ്.6500000/- രൂപയുടെഎസ്റ്റിമേറ്റാണ് ആദ്യം തയ്യാറാക്കിയത്.3500000/-രൂപ ഭവന പുനരുദ്ധാരണത്തിന് വകകൊള്ളിച്ച് പുതിയയുടെഎസ്റ്റിമേറ്റ് തയ്യാറാക്കാൻ M.L.A നിർദ്ദേശിച്ചിരിക്കുകയാണ്.

## പാർട്ട് V

### മറ്റ് രജിസ്റ്ററുകൾ

### 1.ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

4-12-17 ന് ശേഷം കത്തിടപാടുകൾ നടന്നിട്ടില്ല.പരിശോധനാസമയത്ത് (10-01-2018) 3128/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു.ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംന്തോറും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തുന്നുണ്ട്.ഗവ. സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ത്രൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 2.ഫർണിച്ചർ രജിസ്റ്റർ

വളരെ പഴക്കംചെന്ന ഫർണിച്ചർ രജിസ്റ്റർ ആണ ഈ ഓഫീസിൽ പരിപാലിച്ചുവരുന്നത്.ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.രേഖപ്പെടുത്തലുകൾ തീയതിവച്ച് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക പരിശോധനടത്തുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

### 3.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ- ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച്-രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**4. സർവ്വീസ് ബുക്കും, സർവ്വീസ് ബുക്ക്രജിസ്റ്ററും**

സർവ്വീസ് ബുക്കുകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഒരു രജിസ്റ്റർ പരിപാലിച്ച് വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ ലീവ് അക്കൗണ്ടുകൾ Up date ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

**5. SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

.സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കേണ്ടതാണ്. വർക്ക്ഡയറി വെള്ള പേപ്പ റിൽ എഴുതിസൂക്ഷിക്കുന്നതാണ് ഇവിടുത്തെ രീതി. 200 പേജിന്റെ ബുക്കിൽ വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**പൊതു അഭിപ്രായം**

മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട സ്ഥലസൗകര്യം ഇവിടെയുണ്ട്.ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായിതോന്നുന്നു.ബ്ലോക്ക്പഞ്ചായത്ത് ,ജ നപ്രതിനിധികൾ,ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്ന തായി കാണുന്നു.പൊതുവിൽ ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

കെ.കെ.പ്രസാദ്.

സീനിയർസൂപ്രണ്ട്,ഫിൻ.ഇ ഓഡിറ്റ്.

2.കെ.ബി.ഗോപകുമാർ

സീനിയർ ക്ളാർക്ക് ഫിൻ.ഇ